# ഐ.എൽ.ഒ തൊഴിൽ പദ്ധതി ചുമതല ഇസാഫിന്

തൃശൂർ: മൈക്രോ ഫിനാൻസ് പദ്ധതിയിലൂടെ മാന്യമായ തൊഴിൽ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളുടെ ഗവേഷണത്തിനായി തൃശൂർ ആസ്ഥാനമായുള്ള മൈക്രോഫിനാൻസ് സ്ഥാപനമായ ഇസാഫിനെ ജനീവയിലെ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ തിരഞ്ഞെടുത്തു.

ശ്രംജ്യോതി എന്ന ഈ പദ്ധതിയിൽ ഇന്ത്യയിൽനിന്ന് രണ്ട് മൈക്രോഫിനാൻസ് സംരംഭങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ആന്ധ്രപ്രദേശിലെ ബാസിക്സാണ് രണ്ടാമത്തേത്.

മൈക്രോഫിനാൻസ് യൂണിറ്റുകളെക്കൊണ്ട് സംരംഭങ്ങൾ ആരംഭിപ്പിച്ച് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലൈസൻസ് അടക്കമുള്ള രേഖകളും ലഭ്യമാക്കി ലാഭകരമായി പ്രവർത്തിപ്പിച്ചാൽ എല്ലാവർക്കും മാന്യമായ തൊഴിൽ ലഭ്യമാക്കാനാകുമെന്നാണ് ഐ.എൽ.ഒയുടെ നിരീക്ഷണം. ഇങ്ങനെ പിന്തുണ നൽകുന്ന സംരംഭങ്ങളുടെ വളർച്ച സംബന്ധിച്ച് ഗവേഷണ നിരീക്ഷണങ്ങൾ നടത്തുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് 76 ലക്ഷം രൂപ എ.എൽ.ഒ ഇസാഫിന് അനുവദിച്ചിട്ടുണ്ട്.

അഞ്ച് സംസ്ഥാനങ്ങളിലായി ഇസാഫിന് 17,000 മൈക്രോഫിനാൻസ് യൂണിറ്റുകളുണ്ട്. രണ്ടരലക്ഷം അംഗങ്ങൾക്ക് 400 കോടി രൂപ വിതരണം ചെയ്തു. യൂണിറ്റുകളിൽ പകുതിയോളവും സംരംഭങ്ങൾ തുടങ്ങിയിട്ടുള്ളവയാണ്. ഈ യൂണിറ്റുകളെ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പാക്കുന്നതെന്ന് ഇസാഫ് മാനേജിംഗ് ഡയറക്ടർ പോൾ തോമസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഐ.എൽ.ഒയുടെ പ്രതിനിധികളായ സെവറീന ദേബൂസ്, ഹിഡേകി കഗോഹഷി, ഇസാഫ് ഓപറേഷൻസ് ഡയറക്ടർ ജോർജ് തോമസ്, വിക്രമൻ അമ്പലക്കാട്ട് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.